**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 29.07.2025

# നികുതി വെട്ടിച്ച് അമിതഭാരം കയറ്റിയ വാഹനങ്ങളിൽ വിജിലൻസിന്റെ മിന്നൽ പരിശോധന :- നാൽപ്പത് ലക്ഷം രൂപ പിഴ അടപ്പിച്ചു.

വിവിധ അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി തമിഴ്നാട്ടിൽ നിന്നും എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലേക്ക് അനുവദനീയമായ അളവിനെകാൾ കൂടുതൽ ക്വാറി ഉൽപ്പന്നങ്ങൾ അനധികൃതമായി ലോറികളിൽ കയറ്റിക്കൊണ്ട് വരുന്നതായും, പോലീസ്, മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ മതിയായ പരിശോധനകൾ നടത്തി പിഴ അടപ്പിക്കാത്തതിലൂടെ സർക്കാരിന് വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നതായും, ഇത്തരം അധിക ഭാരം കയറ്റിയ വാഹനങ്ങൾ മൂലം പൊതു നിരത്തുകൾക്ക് ഗുരുതരമായ നാശനഷ്ടമുണ്ടാകുന്നതായും വിജിലൻസ് ഡയറക്ടർക്ക് രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇന്നേ ദിവസം (29.07.2025) എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ രാവിലെ മുതൽ വിജിലൻസ് മിന്നൽ പരിശോധനകൾ നടത്തി.

ഇന്ന് രാവിലെ 10 മണിക്ക് ആരംഭിച്ച മിന്നൽ പരിശോധനയിൽ വിജിലൻസ് മധ്യമേഖല റെയിഞ്ചിന് കീഴിൽ വരുന്ന എറണാകുളം, തൃശ്ശൂർ ജില്ലകളിൽ മൂന്ന് സ്ഥലങ്ങളിൽ വീതവും, പാലക്കാട് ജില്ലയിൽ നാലിടത്തുമായി ആകെ 10 സ്ഥലങ്ങളിലാണ് വിജിലൻസ് മിന്നൽ പരിശോധന നടത്തിയത്. എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി നടന്ന മിന്നൽ പരിശോധനയിൽ അമിത ഭാരം കയറ്റിയതും, നികുതി അടയ്ക്കാത്തതും, അനധികൃതമായി ക്വാറി ഉൽപ്പന്നങ്ങൾ കയറ്റിയതുമായ വാഹനങ്ങൾ പരിശോധിച്ചതിലൂടെ 55 വാഹനങ്ങൾ പിടിച്ചെടുത്ത് വിവിധ വകുപ്പുകളെക്കൊണ്ട് 40,47,915/- രൂപ പിഴ അടപ്പിച്ചിട്ടുള്ളതാണ്. മിന്നൽ പരിശോധനയിൽ അമിത ഭാരം കയറ്റി വന്ന വാഹനങ്ങൾക്ക് മോട്ടോർ വാഹന വകുപ്പിനെക്കൊണ്ട് 19,82,750/- രൂപയും ക്വാറി ഉൽപ്പന്നങ്ങൾ കയറ്റി പാസില്ലാതെ വന്ന വാഹനങ്ങൾക്ക് ജിയോളജി വകുപ്പിനെക്കൊണ്ട് 19,11,371/- രൂപയും

മതിയായ നികുതി ഒടുക്കാത്ത വാഹനങ്ങൾക്ക് ജി.എസ്.ടി വകുപ്പിനെക്കൊണ്ട് 1,53,794/- രൂപയും പിഴ അടപ്പിച്ചിട്ടുള്ളതാണ്. എറണാകുളം ജില്ലയിലെ പരിശോധനയിൽ മതിയായ രേഖകൾ ഹാജരാക്കാത്ത 7 വാഹനങ്ങൾ പിടിച്ചെടുത്ത് ജിയോളജി, ജി.എസ്.ടി വകുപ്പുകളുടെ നിയമ നടപടികൾക്കായി കൈമാറിയിട്ടുള്ളതാണ്. വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസിന്റെ നിർദ്ദേശാനുസരണമാണ് എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലായി 10 സ്ഥലങ്ങളിൽ ഒരേ സമയം വിജിലൻസ് മിന്നൽ പരിശോധന നടത്തിയത്.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.